മാധ്യമം

30 December 2020

# മത്സ്യത്തൊഴിലാളികളുടെ നഷ്ടം നികത്താൻ ഇൻഷുറൻസ് ഏർപ്പെടുത്തണം –മുരളി തുമ്മാരുകുടി

**കൊച്ചി:** കാലാവസ്ഥ മുന്നറിയിപ്പ് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത തൊഴിലാളികളുടെ നഷ്ടം നികത്താൻ പ്രത്യേക ഇൻഷുറൻസ് ഏർപ്പെടുത്തണമെന്ന് ഡോ. മുരളി തുമ്മാരുകുടി.

ഈയിടെയായി വർധിച്ചുവരുന്ന ചുഴലിക്കാറ്റുകൾ കാരണം ഇത്തരത്തിലെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പ്രത്യേക ഇൻഷുറൻസ് ഉറപ്പുവരുത്തുന്നതിലൂടെ മുന്നറിയിപ്പുകളുമായി മത്സ്യത്തൊഴിലാളികൾ പൂർണമായി സഹകരിക്കാൻ വഴിയൊരുക്കും.

കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പ്രകൃതിദുരന്തങ്ങളാണ് വരുംകാലങ്ങളിൽ മത്സ്യമേഖലക്ക് ഏറെ ഭീഷണി ഉയർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിച്ച വെബിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി ക്രൈസിസ് മാനേജ്മെൻറ് വിഭാഗം ഓപറേഷൻസ് മാനേജറായ മുരളി തുമ്മാരുകുടി.സി.എം.എഫ്.ആർ.ഐ നടത്തുന്ന സ്വച്ഛ്ഭാരത് കാമ്പയിനിൻെറ ഭാഗമായാണ് വെബിനാർ സംഘടിപ്പിച്ചത്. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ശ്യാം എസ്. സലീം, ഡോ. രേഖ ജെ.നായർ, ഡോ. മിറിയം പോൾ ശ്രീറാം എന്നിവർ സംസാരിച്ചു.